**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3314** **15-02-2024 - ൽ മറുപടിയ്ക്ക്**

**മാക്കേക്കടവ് - നേരെകടവ് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മാക്കേക്കടവ് - നേരെകടവ് പാലത്തിന് 2018-2019 ബഡ്ജറ്റിൽ അനുവദിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ; | (എ) | നേരേക്കടവ്-മാക്കേക്കടവ് പാലത്തിന് 2018-19 ബജറ്റിൽ തുക അനുവദിച്ചിട്ടില്ല. 16/02/2012-ലെ സ.ഉ(സാധാ)നം.238/12/ പൊ.മ.വ നം. ഉത്തരവ് പ്രകാരം 98.09 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഈ പ്രവൃത്തി എന്നാണ് ആരംഭിച്ചതെന്നും എത്ര കോടി രൂപയ്ക്കാണ് കോൺട്രാക്ട് ടെൻഡർ കൊടുത്തതെന്നും വിശദമാക്കാമോ; | (ബി) | ഈ പ്രവൃത്തി 16/06/2016-ൽ ആരംഭിച്ചു. 78.40 കോടി രൂപയ്ക്കാണ് ടെണ്ടർ കൊടുത്തിട്ടുള്ളത്. |
| (സി) | പ്രസ്തുത പ്രവൃത്തി ഇപ്പോൾ ഏതുഘട്ടത്തിലാണെന്നും കോൺട്രാക്ടർക്ക് എത്ര രൂപയുടെ ബില്ല് മാറികൊടുത്തുവെന്നും വിശദമാക്കാമോ; | (സി) | നേരെക്കടവ് - മാക്കേക്കടവ് പാലത്തിന്റെ 55% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 100പൈലുകളിൽ 96 എണ്ണവും, 23 പൈൽ ക്യാപ്പുകളിൽ 21 എണ്ണവും, എല്ലാ പിയറുകളും, പിയർ ക്യാപ്പുകളും, നാവിഗേഷൻ സ്പാനിലെ 8 ബീമുകളും പൂർത്തിയായിട്ടുണ്ട്. 50.48 കോടി രൂപയാണ് കരാറുകാരന് നൽകിയിട്ടുള്ളത്. |
| (ഡി) | പുതിയ എസ്റ്റിമേറ്റിന് വേണ്ടി കോൺട്രാക്ടർ നൽകിയ അപേക്ഷയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ഡി) | 39.9116 കോടി രൂപയ്ക്ക് നേരേക്കടവ്- മാക്കേക്കടവ് പാലത്തിന്റെ ബാക്കി പ്രവൃത്തി കരാറുകാരൻ ചെയ്യുവാൻ തയ്യാറാണോ, സമർപ്പിച്ച എസ്റ്റിമേറ്റ് തുക ശരിയാണോ, തുകയിൽ വർദ്ധന വരുത്തി പ്രവൃത്തി നിലവിലെ കരാറുകാരന് തന്നെ നൽകുന്നതിനുള്ള ന്യായീകരണം എന്നിവ വ്യക്തമാക്കി സമർപ്പിക്കുവാൻ പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറോട് 27/01/2024 -ൽ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഇ) | ഈ പ്രവൃത്തി എന്തുകാരണത്താലാണ് വർഷങ്ങളായി മുടങ്ങി കിടക്കുന്നതെന്ന് വിശദമാക്കാമോ? | (ഇ) | 16/06/2016-ൽ എഗ്രിമെന്റ് വെച്ച പ്രവൃത്തി കോടതി വ്യവഹാരം മൂലം സ്ഥലം ലഭ്യമല്ലാത്തതിനാൽ തടസ്സപ്പെട്ടുകയാണു ണ്ടായത്. നിലവിൽ സ്ഥലം പൂർണ്ണമായും ലഭ്യമാണെങ്കിലും, പ്രവൃത്തി തുടരുന്നതിനായി കരാറുകാരൻ അധിക തുക ആവശ്യപ്പെട്ടിട്ടുണ്ട്. കരാറുകാരൻ ആവശ്യപ്പെട്ട തുകയും, DsoR നിരക്കിലുള്ള തുകയും താരതമ്യം ചെയ്ത് പ്രവൃത്തിയുടെ ബാക്കി ഭാഗം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ